# 1

# ആധുനിക കേരളവിദ്യാഭ്യാസം - ഒരെത്തിനോട്ടം

## 1.1 ആമുഖം

കേരളസമൂഹത്തിന്റെ ഭാവി നിർണയിക്കുന്ന ചാലകശക്തിയാണ് സ്കൂൾ വിദ്യാഭ്യാസം. പുരോഗമനാത്മകവും സമഗ്രവുമായ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ മുന്നേറിയാൽ മാത്രമേ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുകയുള്ളൂ.

ഭാസുരമായ ഭാവി ഏതൊരു സമൂഹത്തിന്റെയും സ്വപ്നമാണ്. സാമൂഹികവും സാമ്പത്തികവുമായ ആധിപത്യം കൈവരിക്കാൻ അഭിലഷിക്കുന്ന വിഭാഗങ്ങൾ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട്. ദുരിതങ്ങളിൽ നിന്നുള്ള മോചനം, പ്രാഥമിക ജീവിതസൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ടി പൊരുതുന്ന മറ്റൊരു വിഭാഗവുമുണ്ട്. സമൂഹത്തിന്റെയാകെ നന്മ കണക്കിലെടുത്തുകൊണ്ടുള്ള ലോകക്രമത്തിനായി വ്യക്തിതാല്പര്യങ്ങൾക്ക് അതീതമായി പൊതുതാല്പര്യങ്ങൾക്ക് പ്രാമുഖ്യം നൽകുമ്പോഴാണ് സന്തുലിത വികസനം സാധ്യമാകുന്നത്. സാമൂഹികനീതി, ജനാധിപത്യം, മതേതരത്വം എന്നീ വിശാലലക്ഷ്യങ്ങൾ ഇവിടെ പ്രസക്തമാണ്.

വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള ശക്തമായ ഉപകരണമായാണ് മഹാത്മാഗാന്ധി നിരീക്ഷിച്ചത്. വിമോചനം എന്നതുകൊണ്ട് മുഖ്യമായും രണ്ടു തലങ്ങളിലുള്ള മോചന യത്നങ്ങളായിരുന്നു രാഷ്ട്രപിതാവ് വിഭാവനം ചെയ്തത്. ഒന്നാമത് കോളനിഭരണം സുഗമമായി നടത്തിക്കൊണ്ടു പോകാൻ അധീശശക്തികൾ കെട്ടി ഏൽപ്പിച്ച അടിമത്വം തന്നെ. ശാരീരികമായ ദാസ്യത്തിനു പുറമെ, ഉപജീവനമാർഗങ്ങളിലുള്ള ദാസ്യം, ജ്ഞാനദാസ്യം എന്നിവ കൂടി കോളനി യജമാനൻമാരുടെ തന്ത്രങ്ങളിൽ ഉൾപ്പെടുന്നുവെന്ന് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ മനസ്സിലാവും. കോളനി പ്രജകളെ അത്യന്തികമായ ആത്മദാസ്യത്തിലേക്ക് നയിക്കാൻ ഇപ്പറഞ്ഞ ദാസ്യങ്ങളും അവയുടെ പ്രചാരണം ലക്ഷ്യമാക്കിയ വിദ്യാഭ്യാസനയങ്ങളും കുറച്ചൊന്നുമല്ല ഉതകിയത്. ഏറെ ബുദ്ധിശക്തിയും ദ്രവ്യവും ചെലവിട്ട് നടപ്പിലാക്കിയ ഈ ദാസ്യതന്ത്രങ്ങളിൽ നിന്ന് കുതറിപ്പോരാനുള്ള യത്നങ്ങളായിരുന്നു ദേശീയപരിപാടികൾ ഓരോന്നും എന്ന് ഇന്ന് സൂക്ഷിച്ചുപരിശോധിക്കുമ്പോൾ മനസിലാവും.

രണ്ടാമത്, സമൂഹത്തിനകത്തുതന്നെ സംഭവിച്ച ജീർണതയുടെ ഭാഗമായ ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പിടിയിൽ നിന്നുള്ള മോചനവും ഉണ്ട്. ദേശീയ വിമോചന പ്രസ്ഥാനത്തിലും അതിന്റെ വിദ്യാഭ്യാസനയത്തിലും ഈ വിമോചനയത്നങ്ങൾക്ക് മുമ്പും കൈയുണ്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയെ തുടർന്നും ഈ ആശയങ്ങളുടെ ചൈതന്യം നിലനിർത്തിക്കൊണ്ടുപോരാൻ പല കാരണങ്ങളാൽ നമുക്കായില്ല. വിമോചനോന്മുഖമായി വിഭാവനം ചെയ്യുന്ന ഒരു വിദ്യാഭ്യാസ പരിഷ്ക്കരണത്തിൽ ഇപ്പറഞ്ഞതരം നയപരിപാടികളുടെ പ്രസക്തി എത്ര പറഞ്ഞാലും ഏറിപ്പോവില്ല. എല്ലാത്തരം അടിച്ചമർത്തലുകളെയും നേരിടാൻ വ്യക്തിയും സമൂഹവും പ്രാപ്തി നേടേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. സ്വന്തം ജഡതയിൽ നിന്നും ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും വിലക്കുകളിൽ നിന്നുമുള്ള വിമോചനം വിദ്യാഭ്യാസത്തിലൂടെ സാധ്യമാകും. വിശാലമായ ഇത്തരം ലക്ഷ്യങ്ങൾ മുൻനിറുത്തിയും കഴിഞ്ഞകാല അനുഭവങ്ങൾ, സമൂഹത്തിന്റെ പൊതുവായ പ്രവണതകൾ, ലോകഗതി, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട് തുടങ്ങിയവ കണക്കിലെടുത്തുമാകണം കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കേണ്ടത്.

പൊതുവിദ്യാഭ്യാസവ്യാപനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെമുന്നിലാണ്. 1947 ൽ കേവലം 51% മാത്രം സാക്ഷരതയുണ്ടായിരുന്ന ഈ സംസ്ഥാനം അഞ്ചുദശാബ്ദം കൊണ്ട് സമ്പൂർണ സാക്ഷരസംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. സാർവത്രിക സ്കൂൾപ്രവേശനം, കുട്ടികളുടെ കൊഴിഞ്ഞുപോക്കിലുണ്ടായ കുറവ്, വിദ്യാഭ്യാസ അവസരങ്ങളുടെയും സൗകര്യങ്ങളുടെയും സാർവത്രിക ലഭ്യത തുടങ്ങിയവ കേരളത്തിന്റെ ഈ മഹനീയനേട്ടത്തിനു കളമൊരുക്കി.

## 1.2 സ്വാതന്ത്ര്യലബ്ധിക്കു മുമ്പ്

കേരളത്തിന്റെ പൊതുവിദ്യാഭ്യാസചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ വിദ്യാഭ്യാസത്തിന്റെ വ്യാപനം സമൂഹത്തിന്റെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഗതി പ്രാപിച്ചതെന്നു കാണാം. "ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ നിങ്ങൾ തയാറല്ലെങ്കിൽ നിങ്ങളുടെ പാടത്തു പണിയെടുക്കാൻ ഞങ്ങളും തയാറല്ല" എന്ന് ഉറക്കെ പ്രഖ്യാപിച്ച അധഃസ്ഥിതരുടെ ചരിത്രം കേരളത്തിനു മാത്രമുള്ളതാണ്. വിദ്യാഭ്യാസമാണ് വിമോചനത്തിനുള്ള ഉപാധിയെന്ന സമൂഹത്തിന്റെ തിരിച്ചറിവുതന്നെയായിരുന്നു ഇതിനു പിന്നിൽ. ശ്രീനാരായണീയ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർ വിദ്യാഭ്യാസമുള്ളവരായിരിക്കണമെന്നും വിദ്യ കൊണ്ടു പ്രബുദ്ധരാകണമെന്നും ശ്രീനാരായണഗുരു നിഷ്കർഷിച്ചതും സാമൂഹിക മുന്നേറ്റത്തിനുള്ള ഉപകരണമായി വിദ്യാഭ്യാസത്തെ കണ്ടതുകൊണ്ടാണ്. സാർവത്രിക വിദ്യാഭ്യാസം കേരളത്തിൽ യാഥാർഥ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവായത് നവോത്ഥാന കാലഘട്ടത്തിൽ സാമൂഹികപരിഷ്കർത്താക്കളും പ്രസ്ഥാനങ്ങളും വിദ്യാഭ്യാസത്തെ ജനപക്ഷത്തുനിന്നു നോക്കിക്കണ്ടതു കൊണ്ടുമാത്രമാണ്.

വിദ്യാഭ്യാസ വ്യാപനത്തിൽ മിഷനറിമാരും സംഭാവനകൾ നൽകിയിട്ടുണ്ട്. തീണ്ടാപ്പാടകലെ നിറുത്തിയിരുന്ന ജനവിഭാഗങ്ങൾക്ക് വിദ്യ പ്രാപ്യമാക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കി. സ്ത്രീവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പുതിയ സമീപനം അവതരിപ്പിക്കപ്പെട്ടു.

ഭരണ സൗകര്യാർഥം താഴേക്കിട ഉദ്യോഗങ്ങൾ കുറഞ്ഞ ചെലവിൽ നിർവഹിക്കൽ, കമ്പോളം വികസിപ്പിക്കൽ, ഉന്നതകുലജാതരും സാധാരണക്കാരും തമ്മിലുള്ള അകലം വർധിപ്പിച്ച് ജനങ്ങളെ ഭിന്നിപ്പിക്കൽ തുടങ്ങിയവ മുഖ്യലക്ഷ്യമായി കണ്ടിരുന്ന മെക്കാളെയുടെ പാശ്ചാത്യവിദ്യാഭ്യാസരീതിയെ രാജഭരണം പ്രോത്സാഹിപ്പിച്ചു എന്നതു ശരിതന്നെ. എന്നാൽ ഇതിനൊരു മറുവശവുമുണ്ട് എന്ന കാര്യം മറന്നുകൂടാ. ദേശവ്യാപകമായി വളർന്നുവന്ന നവോത്ഥാനപ്രസ്ഥാനങ്ങളുടെയും അവയുടെ കർമപരിപാടികളുടെയും ഫലമായി രൂപപ്പെട്ട സമൂഹിക ഉണർവിന്റെ ചൈതന്യം 19-ാം ശതകത്തിലെ കേരളീയ സമൂഹത്തിൽ മുമ്പെന്നത്തേക്കാളുമേറെ പ്രകടമായി. ഈ സമൂഹികനവോത്ഥാനത്തിന്റെ ആവശ്യങ്ങളെയും ആഹ്വാനങ്ങളെയും പാടെ അവഗണിക്കാൻ ഭരണവർഗത്തിന് സാധ്യമായിരുന്നില്ല. തല്ഫലമായുണ്ടായ ചില ഭരണപരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസരംഗത്ത് ആഴത്തിലുള്ള സ്വാധീനം ചെലുത്തി. പാട്ടവിളംബരം പോലെയുള്ള നിയമനിർമാണപ്രവർത്തനങ്ങൾ ഭുവുടമസമ്പ്രദായത്തിൽ വരുത്തിയ മാറ്റം മൂലം അഭ്യസ്തവിദ്യരുടെ ഒരു ഒന്നാം തലമുറ കേരളീയ കുടുംബങ്ങളിൽ പൊട്ടിമുളച്ചുതഴച്ചുവന്നത് ഇവിടെ ഓർക്കാം. വിദ്യാഭ്യാസത്തിന്റെ വരേണ്യവത്ക്കരണത്തിനെതിരായ ഈ യത്നങ്ങളാണ് 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അപകടത്തിൽപ്പെടാൻ ഉള്ള ലക്ഷണങ്ങൾ കാണിച്ചു തുടങ്ങിയത്. മെച്ചപ്പെട്ട വിദ്യാഭ്യാസം സമ്പന്നവിഭാഗങ്ങൾക്കായി വകഞ്ഞുമാറ്റാനുള്ള തന്ത്രങ്ങളാണ് ഈ മാറ്റത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നത്. സാമൂഹികനീതിയിൽ നിഷ്ഠമായ ഒരു വിദ്യാഭ്യാസപരിഷ്ക്കരണത്തിൽ ഈ പുതിയ മാറ്റത്തിന്റെ ഗൂഢതന്ത്രങ്ങൾക്കെതിരായ നിലപാട് ശക്തി നേടേണ്ടതാവശ്യമാണ്. 1817ൽ തിരുവിതാംകൂർ രാജഭരണം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം പ്രജകൾക്കുവേണ്ടി ഏർപ്പെടുത്തിയെന്നു മാത്രമല്ല പല ഗ്രാമങ്ങളിലും വിദ്യാലയങ്ങൾ തുടങ്ങുകയും ചെയ്തു.

വിദ്യാഭ്യാസദാതാക്കളുടെ താല്പര്യത്തിനായിരുന്നു ഇക്കാലത്ത് ഊന്നൽ കൊടുത്തിരുന്നതെങ്കിലും വിദ്യാഭ്യാസവ്യാപനത്തിന് അവ ഇടയാക്കി.

## 1.3 സ്വതന്ത്രജനാധിപത്യകാലഘട്ടം

കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് അധികാരത്തിൽ വന്ന സർക്കാർ (1957) വിദ്യാഭ്യാസ മേഖലയിൽ കൈക്കൊണ്ട നടപടികളായിരുന്നു കേരള വിദ്യാഭ്യാസത്തിന് കൃത്യമായ ദിശാബോധം നൽകിയത്.

- കുട്ടികളുടെ പഠനച്ചെലവ് ഗവൺമെന്റ് വഹിക്കണമെന്ന് തീരുമാനിച്ചു.
- സാർവത്രികവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കി.
- അർഹരായ കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകവും ഉച്ചഭക്ഷണവും നൽകണമെന്നു തീരുമാനിച്ചു.

ഇതേ കാലയളവിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണം വിദ്യാഭ്യാസവ്യാപനത്തിൽ വഹിച്ച പങ്ക് നിസ്സാരമല്ല. ജന്മി-കുടിയാൻ സമ്പ്രദായത്തിന്റെ കെട്ടുപാടുകളിൽപ്പെട്ട് അടിമതുല്യമായ ജീവിതം നയിച്ചുപോന്ന ഒരു വലിയ സമൂഹം ഒരു തുണ്ടു ഭൂമിക്ക് ഉടമയായപ്പോൾ ഉണ്ടായ അവകാശബോധവും സ്വന്തം ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും വിദ്യാഭ്യാസചോദന വർധിപ്പിച്ചു.

തുടർന്ന് സർക്കാരുകൾ സ്വീകരിച്ച ഭാവനാപൂർണമായ നടപടികൾ, സാധാരണക്കാർക്ക് അപ്രാപ്യമായിരുന്ന ഔപചാരികവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിന് അവരെ ഒട്ടൊന്നുമല്ല സഹായിച്ചത്.

- 1963 -64 ൽ സർക്കാർ പാഠപുസ്തകങ്ങൾ തയാറാക്കി കുറഞ്ഞ നിരക്കിൽ കുട്ടികൾക്കു ലഭ്യമാക്കി.
- ട്യൂഷൻ ഫീസുകൾ നിറുത്തൽ ചെയ്തു.
- കുട്ടികൾക്കു ബസ് ചാർജിൽ ഇളവ് ഏർപ്പെടുത്തി.
- സൗജന്യ ഉച്ചഭക്ഷണം സാർവത്രികമാക്കി.
- ഹൈസ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്നത് 1980ൽ ഉറപ്പാക്കി.
- തൊഴിൽവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം എന്നിവ നടപ്പാക്കി.
- ക്ലാസ് കയറ്റത്തിന്റെ കാര്യത്തിൽ പുതിയ സമീപനം സ്വീകരിച്ചു.
- 1990-91 ൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികളാരംഭിച്ചു.
- പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തി ഹയർസെക്കൻഡറി എന്ന പേരിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി.
- ഐ.റ്റി. സാധ്യതകൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കി.
- നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് എഡ്യൂസാറ്റ്, വിക്ടർ ചാനൽ എന്നിവയ്ക്ക് തുടക്കമിട്ടു.
- സ്കൂൾ ലൈബ്രറികൾ നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു.

ഇത്തരത്തിലുള്ള ബോധപൂർവമായ പരിശ്രമങ്ങൾ വിദ്യാഭ്യാസത്തിനുള്ള അവസരലഭ്യത വർധിപ്പിക്കാൻ ഉപകരിച്ചു. സ്കൂളുകളുടെ എണ്ണം വർധിച്ചു. ഇന്ന് ശരാശരി ഒരു കി.മീ ചുറ്റളവിനുള്ളിൽ എൽ.പി.സ്കൂളും 3കി.മീ നുള്ളിൽ യു.പി സ്കൂളും 4 കി.മീ നുള്ളിൽ ഹൈസ്കൂളും കേരളത്തിൽ ഉണ്ട്. എന്നാൽ ചുരുക്കം ചില പ്രദേശങ്ങളിൽ വിശേഷിച്ച് വയനാട്, ഇടുക്കി മുത

ലായ ആദിവാസി മേഖലകളിൽ ഈ ലക്ഷ്യം ഇനിയും പ്രാപിച്ചുകഴിഞ്ഞിട്ടില്ല. നടപ്പുപരിഷ്ക്കാരങ്ങളിൽ ഈ പ്രദേശങ്ങളുടെ വിദ്യാഭ്യാസ പ്രചാരണ യത്നങ്ങൾക്ക് പ്രഥമ പരിഗണന വേണ്ടതുണ്ട്.

## 1.4 ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ ആവശ്യം

സാർവത്രികവിദ്യാഭ്യാസ സാഹചര്യം ഉറപ്പാക്കിയ കേരളസമൂഹം കേവലസാക്ഷരതയ്ക്കപ്പുറം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം 1980കളിൽത്തന്നെ ചർച്ചാവിഷയമാക്കിത്തുടങ്ങി. സാമൂഹിക പ്രതിജ്ഞാബദ്ധതയുള്ള സന്നദ്ധസംഘടനകൾ ഈ വഴിക്ക് ചില ഗവേഷണപ്രവർത്തനങ്ങൾ തുടങ്ങിവച്ചു. അവരുടെ കണ്ടെത്തലുകളും അനുഭവങ്ങളും പിൽക്കാല അക്കാദമിക പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി. ഇതേ കാലയളവിൽത്തന്നെയാണ് രാജ്യമൊട്ടാകെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എങ്ങനെ സാധ്യമാക്കാം എന്ന ചിന്ത തുടങ്ങിയതും. 1986ലെ ദേശീയ വിദ്യാഭ്യാസനയത്തിൽ സാർവത്രിക സ്കൂൾ പ്രവേശനം, കൊഴിഞ്ഞുപോക്കു തടയൽ എന്നിവയോടൊപ്പം ഗുണനിലവാരമുയർത്താനും ലക്ഷ്യമിട്ടു. 1990കൾ പ്രാഥമിക വിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ആക്കംകൂട്ടി.

- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി (OBB)
- അധ്യാപകർക്ക് വ്യാപകമായ ഓറിയന്റേഷൻ (Massive orientation) നൽകുന്നതിനുള്ള പരിപാടി
- പ്രൈമറി അധ്യാപകർക്കുള്ള പ്രത്യേക പരിശീലന പരിപാടി (SOPT/ SOST)
- സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി സ്ഥാപിക്കൽ
- ജില്ലാതലത്തിൽ ഡയറ്റുകൾ സ്ഥാപിക്കൽ
- കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ (CTE), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എജ്യൂക്കേഷൻ ( IASE) എന്നിവ സ്ഥാപിക്കൽ

തുടങ്ങിയ സംരംഭങ്ങളും സ്ഥാപനങ്ങളും ഗുണനിലവാരത്തിൽ ഊന്നൽ കൊടുക്കാനായിരുന്നു ആവിഷ്കരിച്ചത്.

പഞ്ചായത്തീരാജ് നടപ്പിലാക്കിയതോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിദ്യാഭ്യാസ പുരോഗതിയിൽ നേരിട്ട് ഇടപെടാൻ തുടങ്ങി.

അവശ്യപഠനനിലവാരം മുൻകൂർ നിശ്ചയിച്ചുകൊണ്ട് രാജ്യത്തെ എല്ലാ ജില്ലകളിലും 20 സ്കൂളുകളിൽ വീതം ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ എം.എൽ.എൽ പരിപാടി, വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കാൻ നടത്തിയ ശ്രമങ്ങളുടെ പാതയിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. ഈ പദ്ധതിയിൽ സമഗ്രമായ സമീപനം ഇല്ലാതിരുന്നതും വളരെയാന്ത്രികമായി നിലവാരസങ്കൽപം അവതരിപ്പിച്ചതും വ്യവഹാരമനഃശാസ്ത്രപാത പിന്തുടർന്നതും നിർവഹണഘട്ടത്തിൽത്തന്നെ ദേശീയതലത്തിൽ വിമർശിക്കപ്പെട്ടു. അതേത്തുടർന്ന് പദ്ധതി പുനരാലോചനയ്ക്ക് വിധേയമാക്കുവാനും പുനരാസൂത്രണം ചെയ്യുവാനും എൻ.സി.ഇ.ആർ.ടി തയാറായി.

ഇതോടൊപ്പം വിവിധ സന്നദ്ധസംഘടനകളുടെ പ്രവർത്തനവും പൊതുവിദ്യാഭ്യാസരംഗത്ത് നൂതനമായ അന്വേഷണങ്ങൾക്ക് വേദിയൊരുക്കി.

അതിവേഗം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹികക്രമം, വിദ്യാഭ്യാസകാഴ്ചപ്പാടിനും ഗുണനിലവാര സങ്കല്പനങ്ങൾക്കും കൂടുതൽ ശാസ്ത്രീയതയും നവീനതയും അനിവാര്യമാക്കി. സമൂഹത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങളുടെ കാര്യത്തിലും ഈ മാറ്റം പ്രതിഫലിച്ചു. ഈ ആവശ്യങ്ങളായിരുന്നു 1996–'97 ൽ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണത്തിലേക്ക് നയിച്ചത്. 1994-95 മുതൽ കേരളത്തിലെ തിരഞ്ഞെടുത്ത 6 ജില്ലകളിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ നടപ്പിലാക്കിയ ഡി.പി.ഇ.പി യുടെ അനുഭവങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രതിഫലിച്ചു.

നിർദിഷ്ട പാഠ്യപദ്ധതിപരിഷ്കരണ സമീപനത്തെ ചിലർ ചോദ്യംചെയ്തു. അതേത്തുടർന്ന് വിദ്യാഭ്യാസഗുണനിലവാരം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. എങ്കിലും ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സാമൂഹികചോദനയ്ക്കുവഴങ്ങി പാഠ്യപദ്ധതി പരിഷ്കരണം മുന്നോട്ടു പോവുകതന്നെ ചെയ്തു. പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ ഭാഗമായ മൂല്യനിർണയരീതിയും ഗ്രേഡിങ് സമ്പ്രദായവും 10-ാം ക്ലാസ് വരെ 2004-05ൽ നടപ്പിലാക്കി.

വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ് എന്ന കാഴ്ചപ്പാടിന്റെ നിലപാടുതറയിൽ നിന്നുകൊണ്ടായിരുന്നു പാഠ്യപദ്ധതി പരിഷ്കരിച്ചത്. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനതന്ത്രങ്ങൾ, അന്വേഷണാത്മകപഠനം, സമഗ്രവികസനം ലക്ഷ്യമിടുന്ന പാഠ്യപദ്ധതി, സ്വതന്ത്രവും ജനാധിപത്യപരവും ശിശുസൗഹൃദപരവുമായ സമീപനം എന്നിവ പാഠ്യപദ്ധതിയുടെ പ്രായോഗിക രീതിശാസ്ത്രമായി സ്വീകരിച്ചു.

ഇതിന്റെ ഫലമായി:

- അറിവുനിർമിക്കുന്ന പ്രക്രിയയ്ക്ക് ഊന്നൽ കൊടുത്തു കൊണ്ട് അന്വേഷണാത്മകപഠനരീതി പിന്തുടരുന്നതിന് അധ്യാപകർ തയാറായി.
- പഠനം ക്ലാസ് മുറിക്കുള്ളിൽ മാത്രമല്ല നടക്കേണ്ടതെന്ന തിരിച്ചറിവ് പാഠ്യപദ്ധതി വിനിമയത്തിൽ പ്രായോഗിക്കാൻ തുടങ്ങി.
- കൃത്യമായ ആസൂത്രണവും അധ്യാപകരുടെ കൂട്ടായ്മയും അനിവാര്യമാണെന്ന അവബോധം സ്കൂൾ സംസ്കാരത്തിന്റെ ഭാഗമായി.
- നിരന്തരവും സമഗ്രവുമായ മൂല്യനിർണയരീതി നടപ്പിലാക്കാനാരംഭിച്ചു.
- വിദ്യാലയ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ കൂട്ടായ്മയും ഇടപെടലും അനിവാര്യമാണെന്ന ബോധം ഊട്ടിയുറിപ്പിച്ചു.

പുതിയ പാഠ്യപദ്ധതി ഉദ്ഗ്രഥിതവും പ്രക്രിയാധിഷ്ഠിതവും പ്രയോഗത്തിലൂന്നിയതുമാണ്. ക്ലാസ്മുറിയിലെ യാന്ത്രികമായ ബോധനത്തിനും കാണാപ്പാഠം പഠനത്തിനും പകരം വിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തുകയും ചർച്ചചെയ്യുകയും തിരിച്ചറിവുകൾ നേടുകയും ചെയ്യുന്നവരായി പഠിതാക്കൾ മാറി. ഇതിന്റെ ഫലമായി അതുവരെ ഉറങ്ങിക്കിടന്നിരുന്ന നമ്മുടെ ക്ലാസ് മുറികൾ പെട്ടെന്ന് ഉണർന്നു. അധ്യാപകരുടെ വടിയും കണ്ണുരുട്ടലും ശിക്ഷാമുറകളുമില്ലാതെ പഠിതാക്കളെ നിയന്ത്രിക്കാനും കൃത്യമായ ദിശയിലേക്ക് നയിക്കാനും കഴിയുമെന്ന് ബോധ്യപ്പെട്ടു. സമത്വത്തിന്റെയും ലിംഗനീതിയുടെയും പരിസ്ഥിതിബോധത്തിന്റെയും ദേശീയതയുടെയും ആശയങ്ങൾ പഠിതാക്കളിലേക്ക് ഒരളവുവരെ എത്തിക്കാൻ നമുക്ക് സാധിച്ചു. നിരന്തരമൂല്യനിർണയം, അഭിരുചിനിർണയം തുടങ്ങിയവയിൽ ഏറെ മുന്നേറാനും കഴിഞ്ഞു.

## 1.5 തിരിച്ചറിവുകൾ

ഇതുവരെ നടന്ന പാഠ്യപദ്ധതി അനുഭവങ്ങൾ പൂർണമായ വിജയമായിരുന്നുവെന്ന് ആരും അവകാശപ്പെടുകയില്ല. അധ്യാപകരുടെ ഉത്സാഹവും പൊതുസമൂഹത്തിന്റെ പൂർണപിന്തുണയുമുള്ള പ്രദേശങ്ങളിൽ പാഠ്യപദ്ധതി ഒരു പരിധിവരെ വിജയിച്ചപ്പോൾ മറ്റ് പ്രദേശങ്ങളിലെ അനുഭവം തൃപ്തികരമായിരുന്നില്ല. യു.പി തലം വരെ പാഠപുസ്തകങ്ങളും പഠനസഹായികളും ക്ലാസ്മുറി പ്രവർത്തനങ്ങളും ഏറെക്കുറെ പാഠ്യപദ്ധതി സമീപനത്തിന് അനുസരിച്ച് തന്നെ രൂപപ്പെടുത്താൻ കഴിഞ്ഞെങ്കിലും എട്ടാം ക്ലാസുമുതൽ പാഠ്യപദ്ധതി സാമ്പ്രദായിക രീതിയിലേക്ക് വഴുതി വീഴുകയാണുണ്ടായത്. പ്രക്രിയാധിഷ്ഠിത സമീപനം, പ്രവർത്തനങ്ങൾ, നിരന്തരമൂല്യനിർണയം മുതലായവ സെക്കൻഡറി തലത്തിൽ ആചാരങ്ങളായി മാറി. ഹയർസെക്കൻഡറി തലത്തിൽ എല്ലാ വിഷയങ്ങളിലും മാറ്റമുണ്ടാക്കാൻ സാധിച്ചതുമില്ല. ഈ തലങ്ങളിലുള്ള അധ്യാപകപരിശീലനവും ഫലപ്രദമായില്ല. ഹയർസെക്കൻഡറിയിൽ (ചില ഭാഷാ വിഷയങ്ങളിലൊഴികെ) പഠനപ്രക്രിയയ്ക്ക് പകരം ഉള്ളടക്കത്തിൽ ഊന്നിയുള്ള പഠനസാമഗ്രികളും പരിശീലനവുമാണ് തുടർന്ന് വരുന്നത്.

പൊതുസമൂഹത്തിന്റെ ആഗ്രഹാഭിലാഷങ്ങളിൽ വന്ന മാറ്റങ്ങൾ പാഠ്യപദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. മധ്യവർഗത്തൊഴിലുകളിൽ എത്തിപ്പെടാനും കഴിയുമെങ്കിൽ വിദേശത്ത് ചേക്കേറാനുമുള്ള ആഗ്രഹം, എൻട്രൻസ് പരീക്ഷകൾ തുടങ്ങിയവ സാമ്പ്രദായിക യാന്ത്രിക ബോധനരീതികൾക്ക് പിന്തുണ നേടിക്കൊടുത്തു. പാഠ്യപദ്ധതിക്കെതിരായി കമ്പോളശക്തികൾ ഉയർത്തിയ വിമർശനവും പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചു. സ്ഥാനത്തും അസ്ഥാനത്തും ഉണ്ടായ നിരവധി അനുരഞ്ജനങ്ങളോടെയാണ് പാഠ്യപദ്ധതി മുന്നോട്ട് നീങ്ങിയത്. ഇവ കൂടാതെ സി.ബി.എസ്.ഇ/ അൺഎയ്ഡഡ് സ്കൂളുകളെ പ്രോത്സാഹിപ്പിക്കുവാനും അത്തരം സ്കൂളുകൾക്ക് പ്രോത്സാഹനം നൽകുവാനും മധ്യവർഗം തയാറാവുകയും ചെയ്തു. ഇതേസമയം പുതിയ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിച്ച സ്കൂളുകൾക്കാകട്ടെ പിന്തുണാസംവിധാനം കാര്യമായി ലഭിച്ചതുമില്ല. ധനികമധ്യവർഗത്തെ കൂടാതെ കമ്പോളതാല്പര്യങ്ങൾക്കടിമപ്പെട്ട ജാതിമത ശക്തികളും ഒരുപരിധിവരെ അൺഎയ്ഡഡ് ശൃംഖലയുടെ സ്തുതിപാഠകരായിത്തീർന്നത് സംഭവഗതിയെ പ്രതിലോമകരമാക്കി.

ഒരു ദശാബ്ദക്കാലത്തെ ഇത്തരം അനുഭവങ്ങൾ മറ്റു ചില തിരിച്ചറിവുകൾക്കും വഴിതെളിച്ചു

- പാഠ്യപദ്ധതിയിൽ വരുന്ന മാറ്റത്തിനനുസരിച്ച് സംവിധാനങ്ങളിൽ മാറ്റമുണ്ടാകേണ്ടതുണ്ട്.
- വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും ശിശു സൗഹൃദാന്തരീക്ഷസൃഷ്ടിക്കു പര്യാപ്തമാകണം.
- ഒരു മാറ്റം പ്രയോഗതലത്തിലേക്ക് വരുമ്പോൾ അതിൽ ഭാഗഭാക്കാവേണ്ട ഏവർക്കും മാറ്റത്തിന്റെ യുക്തി ബോധ്യപ്പെട്ടിരിക്കണം.
- പഠനസാമഗ്രികൾ, ലക്ഷ്യസാക്ഷാത്കാരത്തിന് അനുഗുണമാകണം
- കുട്ടിയുടെ സമഗ്രവികസനം സാധ്യമാക്കാൻ ഭാവനാപൂർണമായ തന്ത്രങ്ങൾക്ക് ഇനിയും രൂപം കൊടുക്കേണ്ടതുണ്ട്.
- ഭാവി സമൂഹത്തിന്റെ ആവശ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ ക്ലിപ്തപ്പെടുത്തണം.
- പാഠപുസ്തകമുൾപ്പെടെയുള്ള സാമഗ്രികൾ ഏറെ വഴക്കമുള്ളതാകണം.
- പാഠ്യപദ്ധതി നവീകരണപ്രക്രിയ സമൂഹത്തിന്റെ മുഖ്യപരിഗണനാ വിഷയമാവുകയും ഉത്തരവാദിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കുകയും വേണം.
- പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ ചരിത്രപരവും സാമൂഹികവുമായ നന്മകളും മികവുകളും പൊതുസമൂഹത്തിന് തിരിച്ചറിയാനാവണം.

ഒരു ദശാബ്ദക്കാലത്തെ അനുഭവങ്ങൾ നൽകുന്ന ഇത്തരം തിരിച്ചറിവുകൾ വിലപ്പെട്ടവയാണ്. വിവാദങ്ങൾക്ക് തിരികൊളുത്തിയ വിമർശകർപോലും പിന്നീട് പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി സമീപനത്തെ പൊതുവിൽ അംഗീകരിക്കുകയും അതിന്റെ നിർവഹണരീതി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തത് മുന്നോട്ടുള്ള പോക്കിന് സഹായകമാണ്.

⌖ ⌖ ⌖ ⌖